**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1026** 06-10-2021 - ൽ മറുപടിയ്ക്ക്

**മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തഴക്കര, കുറത്തിക്കാട് കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | മാവേലിക്കര മണ്ഡലത്തിലെ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും, മാവേലിക്കര മുനിസിപ്പാലിറ്റിയ്ക്കുമായി അച്ചൻകോവിൽ നദിയിൽ കിണറും, മാവേലിക്കര സബ് ഡിവിഷൻ ഓഫീസ് കോമ്പൗണ്ടിൽ 35 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള ശുദ്ധീകരണശാലയും, ഉന്നതതല ജലസംഭരണികളും, വിതരണ ശൃംഖലയും ഉൾപ്പെടുന്ന 200 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ പ്രവർത്തികൾക്ക് മാത്രമായി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വിശദ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം തഴക്കര പഞ്ചായത്തിനായി 65 കോടി രൂപയുടേയും, ചെട്ടികുളങ്ങര പഞ്ചായത്തിനായി 67.7 കോടി രൂപയുടേയും DPR അംഗീകരിച്ച് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ തീരുമാനം ലഭിച്ചിട്ടുണ്ട്. തഴക്കര ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പ്രസ്തുത പദ്ധതി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. എന്നാൽ പ്രസ്തുത സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ പദ്ധതി നിർദ്ദേശത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി 67.3 കോടി രൂപയുള്ള പദ്ധതി നിർദ്ദേശം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ഭരണിക്കാവ് |

| | | | |
|---|---|---|---|
| | | | കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് തെക്കേക്കര പഞ്ചായത്തിലെ കുറത്തികാട് ഉന്നതതല സംഭരണി. ഈ പദ്ധതി വള്ളികുന്നം, തെക്കേക്കര, ഭരണിക്കാവ്, കൃഷ്ണപുരം പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല തുടങ്ങിയവ മാവേലിക്കരയിൽ പ്രായിക്കര എന്ന സ്ഥലത്താണ്. മേൽ പദ്ധതിയുടെ റെയിൽവേ ക്രോസിംഗ് ഒഴികെയുള്ള പമ്പിംഗ് മെയിൻ, കുറത്തികാട് ഉന്നതതല സംഭരണി തുടങ്ങിയവ ഏകദേശം 20 വർഷത്തോളം മുൻപ് പൂർത്തീകരിച്ചിരുന്നെങ്കിലും കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റെയിൽവേ അനുമതി ലഭിക്കാത്തതുകാരണം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല. പുതിയകാവ് കല്ലുമല റോഡിലെ റെയിൽവേ ഓവർ ബ്രിഡ്ജിൽ കൂടി പൈപ്പ് സ്ഥാപിക്കുന്നതിന് റെയിൽവേയിൽ അപേക്ഷ നൽകിയെങ്കിലും ചെന്നൈ ഓഫീസിൽ നിന്നും നിരസിച്ചതിനാൽ റെയിൽവേ നിർദ്ദേശിച്ച പ്രകാരം റെയിൽവേ ഓവർ ബ്രിഡ്ജിനു (ROB) സമാന്തരമായി മറ്റൊരു പൈപ്പ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള അപേക്ഷ 2017 ൽ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ ജോയിൻറ് ഇൻസ്പെക്ഷൻ 27/04/2021 ൽ പൂർത്തിയായി. ഈ പദ്ധതി നിർദേശത്തിൽ ഭൂമി ഏറ്റെടുക്കേണ്ടിവരുന്നതിനാൽ 23.09.2021 ൽ DRM ആയുള്ള യോഗത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജിൽ കൂടി തന്നെ പൈപ്പ് ലൈൻ ക്രോസ്സ് ചെയ്യാൻ അനുമതി നൽകണമെന്ന് വീണ്ടും അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റെയിൽവേ ക്രോസ്സിംഗ് അനുമതി ലഭ്യമായാൽ മാത്രമേ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ